**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - കോട്ടയം നെടുംകുന്നം ഗാന്ധിയൻ സ്റ്റഡീസ് ഗവൺമെന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി ശ്രീ.പ്രമോദ്.കെ.വി- യുടെ കുടുംബശ്രീ സംസ്ഥാനമിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം. 1358/2019/തസ്വഭവ.  തിരുവനന്തപുരം, തീയതി: 03/07/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/ഫിൻ നം. സർക്കുലർ

2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/ഫിൻ നമ്പർ ഉത്തരവ്

3. 26.11.2016 തീയതിയിലെ സ.ഉ(സാധാ) നം.. 3229/16/തസ്വഭവ നമ്പർ ഉത്തരവ്

4. 27.04.2018 തീയതിയിലെ സ.ഉ(സാധാ) നം.12[illegible]0/18/തസ്വഭവ. നമ്പർ ഉത്തരവ്

5. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.03/2018-ലെ 11162/ഇ 1/2016/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

ഉത്തരവ്

കോട്ടയം നെടുംകുന്നം ഗാന്ധിയൻ സ്റ്റഡീസ് ഗവൺമെന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി ശ്രീ.പ്രമോദ്.കെ.വി-യെ കുടുംബശ്രീ സംസ്ഥാനമിഷനിൽ പ്രോഗ്രാം ഓഫീസറായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം (4) മുഖേന അന്യത്രസേവനം 30.11.2018 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാന്റെ അന്യത്രസേവന കാലാവധി 30.11.2018 തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ 01.12.2018 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം നെടുംകുന്നം ഗാന്ധിയൻ സ്റ്റഡീസ് ഗവൺമെന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്.റ്റി ശ്രീ.പ്രമോദ്.കെ.വി-യുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ പ്രോഗ്രാം ഓഫീസർ തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ ഭാഗം 1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്കും, മാനദണ്ഡങ്ങൾക്കും വിധേയമായി 01.12.2018 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ജയശ്രീ എൽ.**
**ഗവൺമെന്റ് അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടർ മുഖേന)
ഡയറക്ടർ , ഹയർസെക്കന്ററി എഡ്യൂക്കേഷൻ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**